**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1010** — **24-02-2022 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ മുഖേന പ്രവൃത്തി നടന്നുവരുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതികൾ എത്ര സമയം കൊണ്ട് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും 2024ഓടു കൂടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ പദ്ധതി. 2020-21 സാമ്പത്തിക വർഷമാണ് സംസ്ഥാനത്ത് ജല ജീവൻ മിഷൻ പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. സംസ്ഥാനത്തെ 100% വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നല്കിയ 35.64 ലക്ഷം കണക്ഷനുകൾ നൽകുന്ന പ്രവർത്തികൾ നടന്നു വരികയാണ്. ശേഷിക്കുന്ന കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്കും കേന്ദ്ര സർക്കാർ പ്രതിനിധി അംഗമായിട്ടുള്ള സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിങ് കമ്മിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ട്.എല്ലാ പദ്ധതികൾക്കും ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നല്കി 100% ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയിൽ SC/ST വിഭാഗത്തിന് മുൻതൂക്കം ഉള്ള വില്ലേജുകൾക്കും, ഫ്ലൂറൈഡ്, സലൈനിറ്റി, അയൺ തുടങ്ങിയവയുടെ അമിത സാന്നിധ്യം മൂലം ഗുണനിലവാര പ്രശ്നമുള്ള പ്രദേശങ്ങൾക്കും, aspirational district (പ്രത്യേക പരിഗണന നൽകേണ്ട) വയനാട് ജില്ലക്കും കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്. നിലവിൽ ശുദ്ധജല പദ്ധതികളില്ലാത്ത ഗ്രാമങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് 2024 ഓടെ എല്ലാ വീടുകളിലും കണക്ഷൻ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 18-02-2022 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് ജല ജീവൻ പദ്ധതി നിലവിൽ വന്നതിനുശേഷം 10,07,408 ഗാർഹിക കുടിവെള്ള കണക്ഷനുകൾ അധികമായി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ (18/02/2022ലെ കണക്കനുസരിച്ച്) 27.57 ലക്ഷം |

| | | | |
|---|---|---|---|
| | | | ഗ്രാമീണ വീട്ടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കഴിഞ്ഞു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ജല ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിനകം പദ്ധതി പൂർത്തീകരിക്കേണ്ടതുണ്ട്. 2024 ഓടു കൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീട്ടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാനുള്ള ചിട്ടയായ പ്രവർത്തനം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ